പതിനാലാം കേരള നിയമസഭ

15-ാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.4537 25.06.2019-ൽ മറുപടിക്ക്

## തണ്ണീർത്തട നിയമമനുസരിച്ചുള്ള ഡേറ്റാ ബാങ്ക് വിജ്ഞാപനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.മോൻസ് ജോസഫ് | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(ബഹു. റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് എത്ര പഞ്ചായത്തുകളിൽ ഡേറ്റാബാങ്ക് വിജ്ഞാപനം ചെയ്തിട്ടില്ല എന്ന് വ്യക്തമാക്കാമോ; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ; | (എ) സംസ്ഥാനത്ത് നെൽവയൽ തണ്ണീർത്തടങ്ങൾ നിലവിലുള്ള 1047 കൃഷിഭവൻ പ്രദേശങ്ങളിൽ, 817 കൃഷിഭവൻ പ്രദേശങ്ങളുടെ ഡാറ്റാബാങ്ക് പ്രസിദ്ധീകരിച്ചിട്ടുണ്ട്. 198 കൃഷിഭവൻ പ്രദേശങ്ങളുടെ ഡേറ്റാ ബാങ്ക് തയ്യാറാക്കി ഉപഗ്രഹചിത്രം മുഖേനയുള്ള പരിശോധനയ്ക്കായി KSREC -യെ ഏൽപ്പിച്ചിട്ടുണ്ട്. ഡേറ്റാ ബാങ്ക് വിജ്ഞാപനം ചെയ്തിട്ടില്ലാത്ത പഞ്ചായത്തുകളുടെ ജില്ല തിരിച്ചുള്ള വിവരം ശേഖരിച്ച് സൂക്ഷിച്ചിട്ടില്ല. |
| (ബി) പ്രാദേശിക നിരീക്ഷണ സമിതികളുടെ അധികാരം തണ്ണീർത്തട നിയമമനുസരിച്ച് വ്യക്തമാക്കാമോ; ഇവ വെറും റിപ്പോർട്ടിംഗ് ഏജൻസികൾ മാത്രമാണോയെന്ന് വ്യക്തമാക്കാമോ; | (ബി) കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം 2008-ലെ വകുപ്പ് 5, ഉപവകുപ്പ് (3) പ്രകാരം പ്രാദേശിക നിരീക്ഷണ സമിതിയുടെ അധികാരങ്ങൾ ചുവടെ ചേർക്കുന്നു.<br><br>i) 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി, നെൽവയലിന്റെ ഉടമസ്ഥർക്ക് വീട് വയ്ക്കുന്നതിനു വേണ്ടി, നെൽവയൽ രൂപാന്തരപ്പെടുത്തുന്നതിന്, ജില്ലാതല അധികൃത സമിതിക്ക് ശുപാർശ നൽകുക. അത് പൊതു ആവശ്യത്തിനാണെങ്കിൽ സംസ്ഥാനതല സമിതിക്ക് റിപ്പോർട്ട് നൽകുക.<br><br>എന്നാൽ നെൽവയലിന്റെ ഉടമസ്ഥന് വീട് വയ്ക്കുന്നതിനു വേണ്ടി, അതതു സംഗതി പോലെ, പഞ്ചായത്തിൽ പത്തും മുനിസിപ്പാലിറ്റി/ കോർപ്പറേഷനിൽ അഞ്ചും സെന്റിൽ കൂടുതൽ നെൽവയൽ നികത്തുന്നതിന് സമിതി ശുപാർശ ചെയ്യുവാൻ പാടുള്ളതല്ല.<br><br>ii) ഈ ആക്ടിലെ വ്യവസ്ഥകൾ പാലിക്കപ്പെടുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി, സമിതിക്ക് അധികാരിതയുള്ള പ്രദേശത്തെ നെൽവയലുകൾ സന്ദർശിക്കുകയും ആക്ടിലെ വ്യവസ്ഥകളുടെ ലംഘനം, ഏതെങ്കിലും |

| | | | |
|---|---|---|---|
| | | | ഉണ്ടെങ്കിൽ, റവന്യൂ ഡിവിഷണൽ ഓഫീസർക്ക് റിപ്പോർട്ട് നൽകുകയും ചെയ്യുക.<br>(iii) ഈ നിയമത്തിലെ വ്യവസ്ഥകൾ ലംഘിക്കുന്നതിന് ശ്രമങ്ങൾ നടക്കുന്നത് സംബന്ധിച്ച് പൊതു ജനങ്ങളിൽ നിന്നും ലഭിക്കുന്ന പരാതികൾ പരിശോധിക്കുകയും അപ്രകാരമുള്ള ലംഘനം തടയുന്നതിനായി ആ പ്രശ്നത്തിൽ ഇടപെടുകയും ചെയ്യുക.<br>(iv) നെൽവയൽ തരിശിട്ടിരിക്കുന്നതിന്റെ കാരണം സംബന്ധിച്ച് അന്വേഷണം നടത്തുകയും നെൽവയലിന്റെ അനുഭവക്കാരന് നെല്ലോ ഏതെങ്കിലും ഇടക്കാലവിളയോ കൃഷി ചെയ്യുന്നതിന് പ്രേരണ നൽകുന്ന രീതിയിൽ ഉചിതമായ പരിഹാര നടപടികൾ നിർദ്ദേശിക്കുകയും ചെയ്യുക. |
| (സി) | തണ്ണീർത്തട നിയമമനുസരിച്ച് സ്വകാര്യ സംരംഭകരും പൊതു ഗണത്തിൽ വരുമോ എന്നറിയിക്കാമോ? | (സി) | 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ "പൊതു ആവശ്യം" എന്നാൽ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, സർക്കാർ-അർദ്ധ സർക്കാർ സ്ഥാപനങ്ങൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, നിയമപ്രകാരം രൂപീകരിച്ചിട്ടുള്ള നികായങ്ങൾ എന്നിവ നേരിട്ട് നടത്തുന്നതോ സാമ്പത്തിക സഹായം നൽകുന്നതോ ആയ പദ്ധതികളുടെയും പ്രോജക്ടുകളുടെയും അല്ലെങ്കിൽ സർക്കാർ കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന മറ്റു പദ്ധതികളുടെയും പ്രോജക്ടുകളുടെയും ആവശ്യം എന്നർത്ഥമാകുന്നു. |

**സെക്ഷൻ ഓഫീസർ**